LIBRARY ARCHIVES Kerala Legislative Assembly

ഇറവൂർ താലൂക്ക് ആശുപത്രി

23(712) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ ഇറവൂർ താലൂക്ക് ആശുപത്രിയുടെ പുതിയ I.P ബ്ലോക്കിന്റെ ഉദ്ഘാടന വേളയിൽ പ്രസ്തുത ആശുപത്രിയിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിച്ചു നൽകാമെന്ന് ഒരു സ്വകാര്യ സ്ഥാപനം വാഗ്ദാനം നൽകിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വിഷയത്തിന്മേൽ എന്തു നടപടിയാണ് കൈക്കൊണ്ടിട്ടുള്ളത് ; ഡയാലിസിസ് യൂണിറ്റിന് എത്ര ജീവനക്കാരാണ് ആവശ്യമായിട്ടുള്ളത്;

(ബി) ഡയാലിസിസ് യൂണിറ്റ് പ്രവർത്തനം ആരംഭിക്കുന്നതിനുള്ള. സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് പ്രൊപ്പോസൽ ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭിച്ചിട്ടുണ്ട്. ടി യൂണിറ്റ് പ്രവർത്തിപ്പിക്കുന്നതിന് കുറഞ്ഞത് രണ്ട് ഡയാലിസിസ് ടെക്നീഷ്യൻമാരെ ആവശ്യമാണ്. ഈ തസ്തികകൾ ടി ആശുപത്രിയിൽ നിലവിലില്ലാത്തതിനാൽ ഹോസ്പിറ്റൽ മാനേജ്മെന്റ് കമ്മിറ്റിയുടെ കീഴിൽ താൽക്കാലികാടിസ്ഥാനത്തിൽ നിയമിക്കുവാൻ എച്ച്.എം.സി. യോഗം തീരുമാനം എടുത്തിട്ടുണ്ട്.

സൗജന്യ ക്യാൻസർ കെയർ പദ്ധതി

24 (713) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. സണ്ണി ജോസഫ് :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗജന്യ ക്യാൻസർ കെയർ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) പദ്ധതി നടപ്പിലാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

ഉത്തരം

(എ) ഉണ്ട്.

(ബി) എല്ലാ ജില്ലയിലും കീമോതെറാപ്പി ഉൾപ്പെടെയുള്ള ചികിത്സാ സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതുവഴി എല്ലാ ജില്ലയിലെയും അർബുദരോഗികൾക്ക് അവരുടെ ജില്ലയിൽ തന്നെ ചികിത്സ ഉറപ്പാക്കാനും അതിലൂടെ രോഗികൾക്ക് ഉണ്ടാകാമായിരുന്ന സാമ്പത്തികവും ശാരീരികവും മാനസികവുമായ ബുദ്ധിമുട്ടുകൾ ഒഴിവാക്കാനും സാധിക്കുന്നു. ക്യാൻസർ രോഗനിർണ്ണയം എല്ലാ ജില്ലയിലും ലഭ്യമാക്കുന്നതുവഴി എല്ലാ ജില്ലയിലും രോഗനിർണ്ണയം നടത്താൻ കഴിയുന്നു. റീജണൽ ക്യാൻസർ സെന്ററിലെ ബാഹുല്യം കുറയ്ക്കാൻ സാധിക്കുന്നു.

(സി) ആരോഗ്യ വകുപ്പിലെ ഡോക്ടർമാർക്കും നഴ്സുമാർക്കും ആർ.സി.സി. യിൽ വെച്ച് വിദഗ്ധ പരിശീലനം നൽകുകയുണ്ടായി. ആരോഗ്യവകുപ്പിന്റെ വാർഷിക പദ്ധതിയിലൂടെ ജില്ലാ ക്യാൻസർ സെന്ററുകൾ ആരംഭിക്കുന്നതിനും മരുന്നു വാങ്ങുന്നതിനുമുള്ള ഫണ്ട് നൽകിയിട്ടുണ്ട്. സർക്കാർ ഡോക്ടർമാർക്കും നഴ്സുമാർക്കും ക്യാൻസർ ചികിത്സയ്ക്കുള്ള പരിശീലനം എം.സി.സി. നൽകിവരുന്നു. എല്ലാ ജില്ലകളിലേയും ആശുപത്രികളിൽ തുടർ കീമോതെറാപ്പി ചികിത്സ നൽകാൻ കഴിയുന്ന തരത്തിലാണ് പ്രസ്തുത പരിശീലന പരിപാടി വിഭാവന ചെയ്തിരിക്കുന്നത്. ഇത് കൂടാതെ കാസർഗോഡ്, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ വിവിധ ആശുപത്രികളുമായി ടെലി മെഡിസിൻ വഴിയുള്ള ചികിത്സാ പദ്ധതികളും ആരോഗ്യ തുടർവിദ്യാഭ്യാസ പരിപാടികളും നടത്തിവരുന്നു.

ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ പരിഷ്കരിക്കൽ

25 (714) ശ്രീ. പി. തിലോത്തമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെൻറർ, പബ്ലിക് ഹെൽത്ത് സെൻറർ തുടങ്ങി ആരോഗ്യ വകുപ്പിലെ വിവിധ തലത്തിലുള്ള സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ എപ്രകാരമാണ്;

(ബി) ഈ സ്റ്റാഫ് പാറ്റേൺ എന്നു മുതലാണ് തുടങ്ങിയത്, ഇത് ഏതെങ്കിലും കാലത്ത് പരിഷ്കരിക്കപ്പെട്ടിട്ടുണ്ടോ;

(സി) ആരോഗ്യ വകുപ്പിലെ സ്റ്റാഫ് പാറ്റേൺ എന്നാണ് അവസാനമായി പരിഷ്കരിച്ചത് എന്ന് പറയാമോ ; ഇതിനുശേഷം രോഗികളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ ; ഉണ്ടെങ്കിൽ എത്രമാത്രം വർദ്ധനവുണ്ടായി ;

LIBRARY ARCHIVES Kerala Legislative Assembly